K21P 4140

Reg. No. : ...............................

Name : ....................................

**I Semester M.A. Degree (C.B.S.S. – Reg./Supple./Imp.)**
**Examination, October 2021**
**(2018 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 1C01 : Ancient and Medieval Literature**

Time : 3 Hours  Max. Marks : 80

I. **ഈരണ്ടു** പുറത്തിൽ കവിയാതെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1) 'പുനരിഹ വിരഹേƒസ്മിൻ നമ്മെ രക്ഷിച്ച ചന്ദ്രൻ
ഗ്രഹണ ജപമൃത്യും കെട്ടു നൂറ്റാണ്ടു വാഴ്ക' – സ്വാരസ്യം വ്യക്തമാക്കുക.

2) ''ഘോര വിപിനമെന്നാലെഴുപാരിതാകിൽ നഗരം
നാരിമാരും നവരസങ്ങളും
നയവും ജയവും ഭയവും വ്യയവും
നാടു ഭരിപ്പവരോടു നടപ്പത് '' – വ്യാഖ്യാനിക്കുക.

3) ''വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ'' – വിശദമാക്കുക.

4) പറയാമെങ്കിൽ, മനുഷ്യ ജനങ്ങൾ
ക്കറുപതു മറുപതു മായുസ്സല്ലേ ?
സ്വാരസ്യം വ്യക്തമാക്കുക.

5) ''ഇപ്പാർത്തട്ടാം തളികയിൽ നിലാ –
വാന പാല്ലഞ്ഞി വീഴ്ത്തി –
ച്ചുപ്പുപ്പെന്നിൻറിതു മുഹുരതിൽ
കൂട്ടവേട്ടിച്ചകോരാ :'' – വ്യാഖ്യാനിക്കുക. **(5×4=20)**

P.T.O.



II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) എ) മണിപ്രവാള നായികമാരുടെ സവിശേഷതകൾ – വിലയിരുത്തുക.

**അല്ലെങ്കിൽ**

ബി) ഉണ്ണിയച്ചീചരിതത്തിൽ നിന്നും ലഭിക്കുന്ന കേരളോല്പത്തിയെക്കുറിച്ചുള്ള വസ്തുതകൾ വിശകലനം ചെയ്യുക.

7) എ) സന്ദേശകാവ്യങ്ങളിലെ മാർഗ്ഗവർണ്ണനയ്ക്ക് ചരിത്രപരമായുള്ള പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുക.

**അല്ലെങ്കിൽ**

ബി) കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന് ജ്ഞാനപ്പാന നല്കിയ സംഭാവന എന്തെന്ന് ചുരുക്കി വിശകലനം ചെയ്യുക.

8) എ) നളചരിതത്തെ കേരളശാകുന്തളം എന്നു വിശേഷിപ്പിക്കുന്നതെന്തുകൊണ്ട് ?

**അല്ലെങ്കിൽ**

ബി) ചമ്പൂ കാവ്യങ്ങളിലെ അലങ്കാര കല്പനകളെക്കുറിച്ച് വിവരിക്കുക.

9) എ) മാധവപ്പണിക്കരുടെ 'ഭാഷാ ഭഗവദ്ഗീത' ഗീതാപരിഭാഷയല്ല, ഗീതാർത്ഥമുരയ്ക്കുന്ന കൃതിയാണ് – സാംഗത്യം പരിശോധിക്കുക.

**അല്ലെങ്കിൽ**

ബി) എൺമർ സാമന്തരെക്കുറിച്ച് തിരുനിഴൽമാല നൽകുന്ന തെളിവുകളെന്തെല്ലാമാണ് – പ്രതിപാദിക്കുക.

10) എ) പടയണിക്ക് തുള്ളലുമായി അടുത്ത ബന്ധമുണ്ട് – എപ്രകാരം ? വിശദീകരിക്കുക.

**അല്ലെങ്കിൽ**

ബി) പാട്ടു പ്രസ്ഥാനത്തിലും രാമചരിതത്തിലും മറ്റും കാണുന്ന പ്രാസവ്യവസ്ഥകളാണ് മാപ്പിളപ്പാട്ടിലും കാണുന്നത് – ഈ പ്രസ്താവന വിശദമാക്കുക. **(5×6=30)**



III. **ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) എ) മലയാളത്തിലെ ചമ്പൂപ്രസ്ഥാനത്തിന്റെ വികാസപരിണാമങ്ങൾ ചരിത്രദൃഷ്ട്യാ വിലയിരുത്തി അതിന്റെ അപചയത്തിനുള്ള കാരണങ്ങൾ കണ്ടെത്തുക.

**അല്ലെങ്കിൽ**

ബി) ഭാഷാപരമായ സവിശേഷതകൊണ്ടു മാത്രമല്ല സാഹിത്യപരമായ മേന്മകൊണ്ടും ശ്രദ്ധേയമായ കൃതിയാണ് രാമചരിതം – പരിശോധിക്കുക.

12) എ) നമ്പ്യാർകൃതികളിലെ സ്ത്രീകൾ പുരുഷമേധാവിത്വം അംഗീകരിക്കുന്നു എന്ന കാഴ്ചപ്പാട് സത്യമോ ? പ്രതികരിക്കുക.

**അല്ലെങ്കിൽ**

ബി) നളചരിതം മൂന്നാം ദിവസം മുൻനിർത്തി ഉണ്ണായി വാര്യരുടെ കാവ്യശൈലിയെ അപഗ്രഥിക്കുക.

13) എ) കോകസന്ദേശത്തിലെ ചരിത്രപരവും ഭാഷാപരവുമായ വസ്തുതകൾ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

ബി) മനുഷ്യന്റെ സ്വാർത്ഥ മോഹങ്ങളും ജീവിതാസക്തിയും തത്വചിന്താ ശകലങ്ങളിലൂടെ വിമർശിക്കുകയാണ് ജ്ഞാനപ്പാനയിൽ – പരിശോധിക്കുക.

**(3×10=30)**

---